**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2635** **07-07-2022 - ൽ മറുപടിയ്ക്ക്**

**ബാങ്കിംഗ് റെഗുലേഷൻ നിയമഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ബാങ്കിംഗ് നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട്, റിസർവ്വ് ബാങ്കിനെ ഉപയോഗിച്ച് സഹകരണ മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളെ പോലും വരുതിയിലാക്കാൻ കേന്ദ്ര സർക്കാർ നടത്തുന്നതായി പറയപ്പെടുന്ന നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബാങ്കിംഗ് നിയമത്തിന്റെ ഭേദഗതിയിലൂടെ, ടി നിയമത്തിലെ വകുപ്പ് (3) പ്രകാരം, ഒരു പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും, മുഖ്യ ബിസിനസുമായുള്ള ഒരു സഹകരണ സംഘവും അവയുടെ പേരിന്റെ ഭാഗമായോ, ബിസിനസിന്റെ ഭാഗമായോ, ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ചെക്കുകളുടെ drawee ആയി പ്രവർത്തിക്കാതിരിക്കുകയുമാണെങ്കിൽ, അവയ്ക്ക് ടി നിയമം ബാധകമായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത സ്ഥാപനങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള **'ബാങ്ക്'** എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതുൾപ്പെടെ, ടി നിയമത്തിലെ വകുപ്പ് 3-ന് വിധേയമായുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.<br><br>എന്നാൽ ചില സഹകരണ സംഘങ്ങൾ മേൽ പറഞ്ഞ BR Act ൽ ഭേദഗതി വകുപ്പ് 7 ലെ ലംഘിച്ചു കൊണ്ട് ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു-ള്ളതായും ചില സഹകരണ സംഘങ്ങൾ അംഗങ്ങൾ അല്ലാത്തവരിൽ നിന്നും/ നോമിനൽ അംഗങ്ങളിൽ നിന്നും/ അസോസിയേറ്റ് അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് BR Act-ന് വിരുദ്ധമാണെന്നും മേൽ സാഹചര്യത്തിൽ ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് BR Act പ്രകാരമുള്ള ലൈസൻസ് ഇല്ലായെന്നും അവർക്ക് ബാങ്കിംഗ് |

| | | | |
|---|---|---|---|
| | | | ബിസിനസ് നടത്തുന്നതിന് അനുവാദം ഇല്ലായെന്നും ഇത്തരം സഹകരണ സംഘങ്ങളിൽ ഉള്ള നിക്ഷേപങ്ങൾക്ക് Deposit Insurance and Credit Guarentee Corporation (DICGC) നൽകുന്ന നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലായെന്നും ചൂണ്ടികാട്ടി RBI ഒരു നോട്ടിസ് പുറപ്പെടുവിച്ചിരുന്നു |
| (ബി) | ബാങ്കിംഗ് റെഗുലേഷൻ നിയമഭേദഗതി എന്ന നിലയിൽ റിസർവ്വ് ബാങ്ക് നിർദ്ദേശങ്ങൾ എങ്ങനെയൊക്കെയാണ് സഹകരണ മേഖലയെ ബാധിക്കുകയെന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; റിസർവ്വ് ബാങ്കിന്റെ നിലപാട് തിരുത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | 1949ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ Banking നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലങ്ങളിൽ വരുത്തിയ ഭേദഗതികളിലൂടെ ബാങ്കിങ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദേശങ്ങളും സഹകരണ നിയമത്തിന് എതിരുമാണ്.<br><br>2020 ൽ ബാങ്കിങ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. മുഖ്യ ഭേദഗതികൾ താഴെ പറയുന്നവയാണ്.<br><br>(i) Section 36 AAA: ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI യ്ക്ക് അധികാരമുണ്ട്. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണ സമിതിക്കെതിരെ നടപടിയെടുക്കാൻ RBI യ്ക്ക് അധികാരം നൽകുന്നു.<br><br>(ii) സെക്ഷൻ 56: ഈ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ വിപുലമായ അധികാരം നൽകുന്നു. ബൈലാ റദ്ദാക്കാൻ വരെ ആർ.ബി.ഐയ്ക്ക് അധികാരമുണ്ട്.<br><br>(iii) Section 10 of Banking Regulation Act: പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10 ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം, സഹകരണ ബാങ്കിന്റെ ചെയർമാൻ മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും |

| | | | |
|---|---|---|---|
| | | | നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്.<br><br>(iv) ബാങ്കിംഗ് നിയമത്തിലെ സെക്ഷൻ 56(i) ഭേദഗതി ചെയ്യതിലൂടെ സെക്ഷൻ 12, 12A, 13, 15 to 17 എന്നിവ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കി.<br><br>സെക്ഷൻ 12 ൽ വരുത്തിയ ഭേദഗതി മൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of shares, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഈ ഭേദഗതി നിർദ്ദേശം സഹകരണ നിയമത്തിലെ 22,23,24 എന്നിവയുടെ ലംഘനമാണ്.<br><br>ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ഇത്തരം പ്രവർത്തനങ്ങൾക്ക് എതിരെ പ്രതിരോധം നിൽക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ ഈ വിഷയത്തിൽ ഭരണഘടനയുടെ 131 വകുപ്പ് പ്രകാരം ഒരു Suit സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ പ്രധാന പങ്ക് വഹിക്കുന്ന സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ സഹായിക്കുന്ന റിസർവ്വ് ബാങ്കിന്റെ നിലപാടിനെതിരെ സംസ്ഥാന സർക്കാർ നിയമ-നീതിന്യായ സംവിധാനങ്ങളെ സമീപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ Banking നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലങ്ങളിൽ വരുത്തിയ ഭേദഗതികളിലൂടെ ബാങ്കിങ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദേശങ്ങളും സഹകരണ നിയമത്തിന് എതിരുമാണ്. |

2020 ൽ ബാങ്കിങ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. മുഖ്യ ഭേദഗതികൾ താഴെ പറയുന്നവയാണ്.

(i) Section 36 AAA: ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI യ്ക്ക് അധികാരമുണ്ട്. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണ സമിതിക്കെതിരെ നടപടിയെടുക്കാൻ RBI യ്ക്ക് അധികാരം നൽകുന്നു.

(ii) സെക്ഷൻ 56: ഈ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ വിപുലമായ അധികാരം നൽകുന്നു. ബൈലാ റദ്ദാക്കാൻ വരെ ആർ.ബി.ഐയ്ക്ക് അധികാരമുണ്ട്.

(iii) Section 10 of Banking Regulation Act: പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10 ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം, സഹകരണ ബാങ്കിന്റെ ചെയർമാൻ മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്.

(iv) ബാങ്കിംഗ് നിയമത്തിലെ സെക്ഷൻ 56(i) ഭേദഗതി ചെയ്തതിലൂടെ സെക്ഷൻ 12, 12A, 13, 15 to 17 എന്നിവ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കി.

സെക്ഷൻ 12 ൽ വരുത്തിയ ഭേദഗതി മൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of shares, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഈ ഭേദഗതി നിർദ്ദേശം സഹകരണ നിയമത്തിലെ 22,23,24 എന്നിവയുടെ ലംഘനമാണ്.

| | | | |
|---|---|---|---|
| | | | ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ഇത്തരം പ്രവർത്തനങ്ങൾക്ക് എതിരെ പ്രതിരോധം നിൽക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ ഈ വിഷയത്തിൽ ഭരണഘടനയുടെ 131 വകുപ്പ് പ്രകാരം ഒരു Suit സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ